**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4009** **27-10-2021 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ ആക്രമണം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തെരുവുനായ്ക്കളുടെ ശല്യം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തെരുവുനായകളുടെ അനിയന്ത്രിതമായ പ്രജനനം തടയുന്നതിന് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി പ്രോഗ്രാം) എന്ന പേരിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. തെരുവുകളിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായകളെ കണ്ടെത്തി അവയെ വന്ധീകരിക്കുകയും പിടികൂടിയ സ്ഥലത്ത് തന്നെ തിരികെ വിടുകയും ചെയ്യുന്ന രീതിയാണ് പദ്ധതിയിൽ അവലംബിക്കുന്നത്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവുനായ്ക്കളെ വന്ധീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഇത് ഫലപ്രദമായി നടപ്പിലാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പരിഹാരനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ബി.സി. പ്രോഗ്രാമിൽ വകയിരുത്തിയിരിക്കുന്ന തുക ചില ഗ്രാമപഞ്ചായത്തുകൾ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ മിഷന് കൈമാറുകയാണ് ചെയ്തിരുന്നത്. കുടുംബശ്രീക്ക് ടി മേഖലയിലെ വൈദഗ്ദ്ധ്യം ഉറപ്പ് വരുത്തുന്നത് ഉൾപ്പടെയുള്ള വിഷയങ്ങൾ പരാമർശിച്ച് കുടുംബശ്രീക്ക് ഫണ്ട് കൈമാറുന്നത് താത്കാലികമായി നിർത്തിവയ്ക്കുന്നതിന് ബഹു. ഹൈക്കോടതി WPC No.13204/2021 നമ്പർ കേസിൽ 19.07.2021 ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീക്ക് തുക കൈമാറുന്നത് താത്കാലികമായി നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ ഫണ്ട് കൈമാറിക്കഴിഞ്ഞതും നടന്നുവരുന്നതുമായ പദ്ധതികൾ തുടരുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുമായി ചേർന്നും തദ്ദേശ സ്ഥാപനങ്ങൾ എ.ബി.സി പ്രോഗ്രാം നടത്തിവരുന്നുണ്ട്. എല്ലാ നഗരസഭകളോടും കൂടുതൽ തുക എ.ബി.സി പ്രോഗ്രാമിനായി വാർഷിക പദ്ധതികളിൽ മാറ്റിവയ്ക്കുന്നതിനും പ്രസ്തുത തുക |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമായി ചെലവാക്കുവാനും നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ